ഏപ്രിൽ 2026

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം

സഹനത്തിന്റെയും ത്യാഗത്തിന്റെയും ഓർമ്മപ്പെടുത്തലായ ക്രൂശ്, ഒരിക്കലും ക്രിസ്തുവിന്റെ ജീവിതത്തിന്റെ ആവസാന വാക്കല്ലായിരുന്നു. മരണത്തെയും അതിന്റെ ശക്തിയെയും ക്രിസ്തു അതിജീവിച്ച ദിവസമാണ് ഈസ്റ്റർ. ഒന്നും ഒരിടത്തും അവസാനിക്കുന്നില്ല, മറിച്ച് അവസാനിച്ചു എന്നു തോന്നുന്നയിടത്തു നിന്ന് ദൈവം വീണ്ടും ഒരാരംഭം നൽകുന്നു എന്ന് ഉയിർപ്പ് നമ്മെ പഠിപ്പിക്കുന്നു. ഒരാളെ നിഷ്കാസനം ചെയ്താൽ തീരുന്നതാണ് ജീവിതം എന്ന് കരുതിയവർ യേശുവിനെ ദൈവദൂഷണം പറയുന്നവനായി മുദ്രകുത്തി ക്രൂശിൽ തറച്ചു. സത്യത്തെ കുഴിച്ചുമൂടിയവരെ ഭയം വേട്ടയാടിയിരുന്നു. അതുകൊണ്ടാണവർ കല്ലറ കല്ലുകൊണ്ടടച്ച് മുദ്രവെച്ചതും കാവൽ നിന്നതും. എല്ലാം നഷ്ടപ്പെട്ടു, ഇനി ഒരു ജീവിതമില്ല എന്ന് കരുതിയ ശിഷ്യന്മാരും ഭയപ്പെട്ടിരുന്നു. എന്നാൽ ഒന്നും ജീവിതത്തിൽ എന്നേക്കുമായി അസ്തമിച്ചു പോകുന്നില്ല, പിന്നെയോ ഒരു പുതിയ തുടക്കം വീണ്ടും സാധ്യമാണെന്ന് ഉയിർപ്പ് നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവപരിപാലനയിൽ ഒരാൾക്ക് വീണ്ടും സകലതും ആരംഭിക്കാൻ സാധിക്കും എന്ന പ്രത്യാശയാണ് ഉയിർപ്പിന്റെ സന്ദേശം. അത് ഒരു പുതിയ തുടക്കത്തിന്റെ സാധ്യതയാണ്. എല്ലാവർക്കും പ്രത്യാശയുടെ ഈസ്റ്റർ ആശംസകൾ.

പശ്ചിമേഷ്യയിൽ കഴിഞ്ഞ കുറെ ആഴ്ചകളായി നടക്കുന്ന യുദ്ധം നിരവധി പേരുടെ ജീവനെടുക്കുകയും സ്വസ്ഥജീവിതത്തിന് കോട്ടം വരുത്തുകയും ചെയ്തിരിക്കുകയാണല്ലോ. സമാധാന ചർച്ചയ്ക്കുള്ള ആഹ്വാനങ്ങൾ പല ഭാഗത്തു നിന്ന് ഉയരുമ്പോഴും ഇറാനും ഇസ്രായേൽ - യു. എസ്. സഖ്യവും തമ്മിലുള്ള സംഘർഷം അയവില്ലാതെ തുടരുന്നു. ആക്രമണങ്ങളിൽ നിരപരാധികളായ അനേകം ജനങ്ങൾ കൊല്ലപ്പെടുന്നതും കെട്ടിടങ്ങൾക്കിടയിൽ കുടുങ്ങിക്കിടക്കുന്നതുമായ വാർത്തകൾ പരിഭ്രമത്തോടെയാണ് ലോകം ശ്രവിച്ചത്. രാജ്യങ്ങൾ തമ്മിലുള്ള തർക്കവിതർക്കങ്ങൾ ഒരു പുതിയ ആഗോള യുദ്ധത്തിലേക്ക് നമ്മെ നയിക്കുമോ എന്ന ചിന്തയും പ്രബലപ്പെടുന്നുണ്ട്. തീവ്രവാദത്തിനെതിരായ പുറപ്പാടായി ചിലർ യുദ്ധത്തെ വ്യാഖ്യാനിക്കുമ്പോൾ ആഗോള അധിനിവേശ ശ്രമങ്ങളുടെ തുടർച്ചയായി മറ്റുചിലർ ഈ യുദ്ധങ്ങളെ ദർശിക്കുന്നു. യു.എൻ. പോലെയുള്ള രാജ്യാന്തര ഏജൻസികളുടെ സമാധാന ശ്രമങ്ങൾ രാഷ്ട്രീയ നീക്കങ്ങളിൽ പരാജയപ്പെടുമ്പോൾ ആയുധ ലോബികൾ ശക്തി പ്രാപിക്കുന്നു. ഹോർമുസ് കടലിടുക്ക് അടച്ചതോടുകൂടി ഏതാണ്ട് എല്ലാ രാജ്യങ്ങളെയും യുദ്ധം കാര്യമായി ബാധിച്ചു കഴിഞ്ഞു. പാചകത്തിന് ആവശ്യമായ ഇന്ധനത്തിന്റെ ലഭ്യതയിലുണ്ടായ കുറവ് ഇന്ത്യയുൾപ്പെടെ പല രാജ്യങ്ങളിലും ഭക്ഷ്യസുരക്ഷയെ ബാധിച്ചിട്ടുണ്ട്. യുദ്ധം എക്കാലവും വിലാപത്തിന്റെ നാളുകളാണ് സമ്മാനിക്കുന്നത്. ദുഃഖത്തിലൂടെ കടന്നുപോകുന്ന സകല ജനതകൾക്കായും നമുക്ക് പ്രാർത്ഥിക്കാം.

കേരളം, പുതുച്ചേരി, ആസ്സാം എന്നീ സ്ഥലങ്ങളിൽ ഏപ്രിൽ മാസം ഒൻപതാം തീയതിയും തമിഴ് നാട്ടിൽ ഏപ്രിൽ ഇരുപത്തിമൂന്നിനും പശ്ചിമ ബംഗാളിൽ ഏപ്രിൽ 23, 29 എന്നീ തീയതികളിലും നിയമസഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചിരിക്കയാണല്ലോ. ഓരോ അഞ്ചുവർഷം കൂടുമ്പോഴും നടക്കുന്ന ഒരു ഹിത പരിശോധനയായി നമുക്കിതിനെ കാണാം. ജനാധിപത്യത്തിന്റെ ഏറ്റം മനോഹരമായ ഒരു തലം തന്നെയാണിത്. നിലവിൽ ഭൂരിപക്ഷാഭിപ്രായമാണല്ലോ ഇലക്ഷനിലെ ജനവിധിയായി കണക്കാക്കുന്നത്. എന്നാൽ ഭൂരിപക്ഷം എങ്ങനെയാണു രൂപപ്പെടുന്നത് എന്നത് ഏറെ വിമർശനബുദ്ധ്യാ വീക്ഷിക്കേണ്ടിയിരിക്കുന്നു. ജാതിയും മതവും ഭൂരിപക്ഷം നിർണയിക്കുന്നതിൽ ഒരു ഘടകമാകുന്നുവെങ്കിൽ ജനങ്ങളെ സംബന്ധിക്കുന്ന അടിസ്ഥാന വിഷയങ്ങൾ പലപ്പോഴും ലഘൂകരിച്ചു കാണുവാനുള്ള സാധ്യത ഏറെയാണ്. അതോടൊപ്പം താൽക്കാലിക ലാഭത്തിനു വേണ്ടി പ്രഖ്യാപിക്കുന്ന ചില സൗജന്യങ്ങളും സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെ തകിടം മറി

ച്ചേക്കാം. എത്ര പരിമിതികളുണ്ടെങ്കിലും നിലവിലെ വ്യവസ്ഥാപിത ജനാധിപത്യ സംവിധാനത്തിൽ വോട്ടെടുപ്പ് തന്നെയാണ് അഭികാമ്യം. ആയതു കൊണ്ടുതന്നെ വോട്ടുള്ള എല്ലാവരും തങ്ങളുടെ വോട്ടുകൾ രേഖപ്പെടുത്തി രാഷ്ട്ര നിർമ്മാണ പ്രക്രിയയിൽ പങ്കാളികളാകണം എന്നോർമ്മിപ്പിക്കുന്നു. വിദ്വേഷവും വിഭജന നീക്കവും മതവർഗ്ഗീയതയും നടമാടുന്ന ഒരു സമൂഹത്തിൽ നീതിയും സമാധാനവും സമത്വവും തികഞ്ഞ മതനിരപേക്ഷ നിലപാടുമുള്ള സർക്കാരുകളുണ്ടാകുവാൻ നമുക്ക് പ്രാർത്ഥിക്കാം, പ്രവർത്തിക്കാം.

സഭയുടെ സോഷ്യോ പൊളിറ്റിക്കൽ കമ്മീഷൻ സംഘടിപ്പിച്ച ജസ്റ്റീസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് അവലോകന ചർച്ചയിൽ പങ്കെടുക്കുവാൻ സാധിച്ചു. കേരള ഗവണ്മെന്റ് അടുത്ത ദിവസങ്ങളിൽ പുറത്തുവിട്ട പ്രസ്തുത കമ്മീഷൻ റിപ്പോർട്ട് കേരളത്തിലെ ക്രൈസ്തവ സമൂഹം അഭിമുഖീകരിക്കുന്ന പല വെല്ലുവിളികളെയും ഉയർത്തികാണിക്കുന്നുണ്ട്. സാമൂഹിക സാമ്പത്തിക ഉന്നമനത്തിന്റെ തോത് ഭൂപ്രദേശങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നും മലയോര മേഖലകളിലും കടൽത്തീര മേഖലകളിലും ഇത്തരം ഉന്നമന തോത് തുലോം കുറവായിരിക്കുന്നു എന്നുമുള്ള നിരീക്ഷണം നമ്മുടെ കണ്ണുതുറപ്പിക്കണം. പരിവർത്തിത ക്രൈസ്തവരുടെ പ്രശ്നങ്ങളെ സർക്കാരും സഭയും ഒരുപോലെ ഏറ്റെടുക്കണം എന്ന ശുപാർശ അർഹിക്കുന്ന ഗൗരവത്തോടെ കാണുവാൻ നമുക്ക് കഴിയണം. ക്രൈസ്തവ അംഗബലം കുറയുന്നത് കുടുംബങ്ങളുടെ ശിഥിലീകരണത്തിനു കാരണമാകുന്നു എന്ന വസ്തുത നിലനിൽക്കുമ്പോൾ തന്നെ തലമുറകളുടെ സാമൂഹിക രാഷ്ട്രീയ വളർച്ചക്ക് നിദാനമായ എല്ലാ സൗകര്യങ്ങളും ഒരുക്കേണ്ട ബാധ്യത ഗവണ്മെന്റിനോടൊപ്പം സഭയായി നമുക്കുമുണ്ട് എന്ന കാര്യവും നാം മറക്കരുത്. ഇത്തരം വിഷയങ്ങളിൽ തുടർ പഠനങ്ങളും അന്വേഷണങ്ങളും ഉണ്ടാകണം. ചർച്ചകളുടെ വെളിച്ചത്തിൽ സുവിശേഷ വേലയുടെ ഫലമായി സഭാംഗങ്ങൾ ആയവരുടെ അഭിപ്രായങ്ങൾ കൂടെ കേൾക്കേണ്ടത് ആവശ്യമാണെന്ന് സോഷ്യോ പൊളിറ്റിക്കൽ കമ്മീഷന് ബോധ്യപ്പെടുകയും അവരെകൂടെ കൂട്ടി ചർച്ച നടത്തുവാനും തീരുമാനിച്ചു.

ഹിന്ദു, സിഖ്, ബുദ്ധ മതങ്ങളിലേക്കൊഴികെ നടത്തുന്ന മതപരിവർത്തനം പട്ടികജാതി പദവി നഷ്ടപ്പെടുത്തുമെന്ന സുപ്രീം കോടതിയുടെ വിധി ഏറെ നിരാശാജനകമാണ്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 341 (1) ന്റെ പിൻബലത്തിൽ രാഷ്ട്രപതിയുടെ 1950 ലെ പ്രത്യേക ഓർഡറിലൂടെ പട്ടികജാതിക്കാർക്കുള്ള പ്രത്യേക അവകാശങ്ങൾ ഹിന്ദു മതത്തിൽ ഉള്ളവർക്കു മാത്രമായി പരിമിതപ്പെടുത്തിയിരുന്നു. എന്നാൽ പിന്നീട് 1956-ൽ സിഖ് മത വിഭാഗങ്ങൾക്കും 1990-ൽ ബുദ്ധ മത വിഭാഗങ്ങൾക്കും ഈ ആനുകൂല്യം ലഭ്യമാക്കി. ജാതി വിവേചനം ഇന്ത്യയിൽ രൂപപ്പെട്ട മതങ്ങളിൽ മാത്രമാണ് നിലനിൽക്കുന്നതെന്നും ക്രൈസ്തവ, ഇസ്ലാം മതങ്ങളിൽ ഇത് അനുവദനീയമല്ലാത്തതിനാൽ അത്തരം ആനുകൂല്യങ്ങൾ അവർക്കു ബാധകമല്ല എന്നുമാണ് ഈ വേർതിരിവിന് കാരണമായി പറഞ്ഞിരുന്നത്. എന്നാൽ ഒരു മത വിശ്വാസത്തിനും പ്രാമുഖ്യം കൊടുക്കാത്ത ഇന്ത്യൻ ഭരണഘടനയിൽ സംവരണം എന്നത് മതവിശ്വാസത്തിന്റെ പേരിൽ വ്യാഖ്യാനിക്കുന്നതിന്റെ യുക്തിയെയാണ് ചോദ്യം ചെയ്യപ്പെടുന്നത്. എന്തായാലും 1950 മുതൽ ആരംഭിച്ച ഈ നിയമ പോരാട്ടം വീണ്ടും തുടരും എന്നതിൽ സംശയമില്ല.

ഈ അടുത്ത ദിവസം ലോകസഭയിൽ അവതരിപ്പിച്ച വിദേശ സംഭാവന നിയന്ത്രണ ഭേദഗതി ബിൽ (FCRA Amendment Bill) ഏറെ കണക്കുകൂട്ടലുകളിലൂടെ ആരെയൊക്കെയോ ഉന്നം വച്ച് രൂപീകരിച്ചതാണ് എന്ന് സംശയിക്കുവാൻ കാരണങ്ങൾ ഏറെയാണ്. വിദേശ സംഭാവനകളെ നിയന്ത്രിക്കുവാൻ ആവശ്യമായ എല്ലാ സാധ്യതകളും നിലവിലുള്ളപ്പോൾ ത്തന്നെ സംഘടനകളുടെ രജിസ്ട്രേഷൻ മരവിപ്പിക്കുകയോ, റദ്ദാക്കുകയോ, വച്ചൊഴിയുകയോ ചെയ്താൽ വിദേശ സംഭാവനകളിലൂടെ ഉണ്ടാക്കിയിട്ടുള്ള ആസ്തികൾ കൈകാര്യം ചെയ്യുവാൻ കേന്ദ്ര സംവിധാനങ്ങളെ ശക്തീകരിക്കുന്ന പ്രസ്തുത ബില്ല് ആതുരസേവന രംഗത്തും, വിദ്യാഭ്യാസം, ദാരിദ്ര്യ നിർമാർജ്ജനം എന്നീ മേഖലകളിലും നിസ്വാർത്ഥമായ സേവനങ്ങൾ ചെയ്ത സർക്കാരിതര സന്നദ്ധ സംഘടനകളെയും മത സംഘടനകളെയും ഇഞ്ചിഞ്ചായി ഞെക്കി കൊല്ലാനെ ഉപകരിക്കൂ. ന്യൂനപക്ഷ വിശ്വാസ സമൂഹങ്ങൾക്കുള്ള സന്ദേഹങ്ങൾ കേന്ദ്ര ഗവൺമെന്റ് അർഹിക്കുന്ന ഗൗരവത്തോടെ പരിഗണിക്കുമെന്ന് കരുതട്ടെ.

കാന്റർബറി ആർച്ച് ബിഷപ്പ് ജസ്റ്റിൻ വെൽബിയുടെ പിൻഗാമിയായി Sarah Elisabeth Mullally മാർച്ച് 25 ന് സ്ഥാനാരോഹണം ചെയ്യപ്പെട്ടു. ഈ ഉന്നത സ്ഥാനത്തെത്തുന്ന പ്രഥമ വനിത എന്ന നിലയിൽ ലോകമൊട്ടുക്കുള്ള സഭകളിൽ വർദ്ധിച്ചു വരുന്ന സ്ത്രീ പങ്കാളിത്തത്തിന്റെ പ്രതീകമായി Sarah Elizabeth Mullally യുടെ തെരഞ്ഞെടുപ്പ് കാണാവുന്നതാണ്. മാർത്തോമ്മാ സഭയുമായി ഉറ്റ ബന്ധവും പൂർണ്ണ സംസർഗവും പുലർത്തുന്ന ആംഗ്ലിക്കൻ സഭയുടെ ഈ ചരിത്ര മുഹൂർത്തത്തിൽ പുതിയ ആർച്ച് ബിഷപ്പിന്റെ മേൽ ദൈവത്തിന്റെ ധാരാളമായ കരുണകൾ ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കയും ചെയ്യുന്നു. സഭയുടെ അനുമോദനങ്ങളും പ്രാർത്ഥനകളും അറിയിക്കുന്നു.

കോട്ടയം മാർത്തോമ്മാ തിയോളജിക്കൽ സെമിനാരിയിലെയും ഫരീദാബാദ് ധർമജ്യോതി വിദ്യാപീത് സെമിനാരിയിലെയും അവസാന വർഷ വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങുകൾ നടന്നു. കൂടാതെ കൊമ്പാടി എപ്പിസ്ക്കോപ്പൽ ജൂബിലി ഇൻസ്റ്റിറ്റ്യൂട്ട്,

സിഹോറ, ശിവനാപുരം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഈശോ മാർ തിമൊഥെയോസ് ഇവാൻജലിസ്റ്റ് ട്രെയിനിംഗ് സെന്ററുകൾ, തിരുവല്ല വനിതാ മന്ദിരം, കൊമ്പാടി എ. എം. എം. ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിലെ പരിശീലന കേന്ദ്രങ്ങളിലൂടെയും പഠിച്ചിറങ്ങിയവരുണ്ട്. സമർപ്പണത്തിന്റെ പൂർണ്ണത ക്രൂശിലൂടെ കാട്ടിത്തന്ന യേശു ക്രിസ്തുവിനെ അനുഗമിക്കാൻ ദൈവം ഇവരെ ശക്തീകരിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു. ശിവനാപുരം ഈശോ മാർ തിമഥിയോസ് മെമ്മോറിയൽ ഇവാഞ്ചലിസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനായി പുതിയതായി പണികഴിപ്പിച്ച കെട്ടിട സമുച്ചയത്തിന്റെ കൂദാശ നിർവ്വഹിച്ചു. 1993 ൽ ആരംഭിച്ച ഈ സ്ഥാപനത്തിൽ ആന്ധ്രപ്രദേശ്, കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ നിന്നും സുവിശേഷവേലയിൽ തല്പരരായ യുവതി-യുവാക്കളെ പരിശീലിപ്പിക്കുന്നു. 3 വർഷത്തെ ഡിപ്ലോമാ കോഴ്സും, ഒരു വർഷത്തെ ഹ്രസ്വകാല കോഴ്സും ഇവിടെ നടത്തി വരുന്നു. ഇപ്പോൾ 7 യുവാക്കൾ വിവിധ കോഴ്സുകളിലായി പരിശീലനം തേടുന്നു. വിവിധ ഭാഷാ മേഖലകളിൽ നിന്നും സുവിശേഷവേലയോട് താല്പര്യവും, സമർപ്പണവുമുള്ള യുവതി -യുവാക്കളെ കണ്ടെത്തുവാൻ പ്രാദേശിക ഇടങ്ങളിൽ പ്രവർത്തിക്കുന്ന മിഷണറി പട്ടക്കാരും, സുവിശേഷകരും ആത്മാർത്ഥമായി പരിശ്രമിക്കണം.

മാർത്തോമ്മാ സ്റ്റുഡന്റ്സ് കോൺഫറൻസിന്റെ 114-ാമത് സമ്മേളനം ഈ വർഷം തിരുവനന്തപുരം സെന്ററിന്റെ ആഭിമുഖ്യത്തിൽ മെയ് മാസം 06 മുതൽ 09 വരെ മുക്കോലക്കൽ സെന്റ് തോമസ് നഗറിലുള്ള ഡോ. ജോസഫ് മാർത്തോമ്മാ ഓഡിറ്റോറിയത്തിൽ നടത്തപ്പെടുന്നതാണ്. കൊലോസ്യർ 2: 6,7 വാക്യങ്ങളെ അടിസ്ഥാനമാക്കി "GEN C: Grounded Equipped Networked In Christ" എന്ന പ്രധാന ചിന്താവിഷയത്തിൽ വേദപഠനങ്ങൾ, പ്രഭാഷണങ്ങൾ, സംവാദങ്ങൾ തുടങ്ങിയവ ക്രമീകരിക്കുന്നു. പ്ലസ് ടു പഠനം കഴിഞ്ഞ് റിസൽട്ട് പ്രതീക്ഷിക്കുന്നവരുൾപ്പെടെ എല്ലാ യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾക്കും ഇതിൽ പങ്ക് ചേരാവുന്നതാണ്. പരമാവധി വിദ്യാർത്ഥികളെ പങ്കെടുപ്പിക്കത്തക്ക വിധം എല്ലാവരും ഉത്സാഹിച്ച് പ്രവർത്തിക്കണം.

മാർത്തോമ്മാ സ്റ്റുഡന്റ്സ് കോൺഫ്രൻസ് പ്ലാറ്റിനം ജൂബിലി പ്രോജക്ടായി 1985 ൽ പ്രവർത്തനം ആരംഭിച്ച ഡോ. തോമസ് മാർ അത്തനേഷ്യസ് മെമ്മോറിയൽ ഹോസ്റ്റൽ ഫോർ ട്രൈബൽ സ്റ്റുഡന്റ്സ്, ഗിരിദീപ്തി, അതിന്റെ റൂബി ജൂബിലി ആഘോഷിച്ചു. ജൂബിലി സമാപന സമ്മേളനത്തിൽ സംബന്ധിച്ചത് ഹൃദ്യമായ അനുഭവമായിരുന്നു. ജീവിത സാഹചര്യങ്ങളും, സാമ്പത്തിക പരിമിതികളും കാരണം പഠനാവസരങ്ങൾ ലഭിക്കാതെയും, കഴിവുകളുണ്ടായിട്ടും ലക്ഷ്യത്തിലെത്താതെയും പോകുന്ന അനേകം കുട്ടികൾ ആദിവാസി, മറ്റ് പിന്നോക്ക മേഖലകളിൽ ഉണ്ടെന്ന സഭയുടെ തിരിച്ചറിവാണ് സ്ഥാപനത്തിന്റെ പിറവിക്ക് കാരണം. കുട്ടികളുടെ പഠനത്തോടൊപ്പം അവരുടെ സ്വഭാവ രൂപീകരണത്തിനും വ്യക്തിത്വ വികസനത്തിനും സഹായകമായ വിവിധ പ്രോഗ്രാമുകളും, ബോധവൽക്കരണ ക്ലാസ്സുകളും ഹോസ്റ്റലിൽ ക്രമീകരിക്കുന്നു. അവസരങ്ങൾ ലഭിക്കാത്തതുമൂലം ആരും പിന്തള്ളപ്പെടാതെ, കുട്ടികൾക്ക് പഠിക്കുവാനും, വളരുവാനും അവസരങ്ങൾ തുല്യമായി സൃഷ്ടിക്കപ്പെടുകയും ആത്മ വിശ്വാസവും, ആത്മാഭിമാനവും ഉള്ള തലമുറയെ രൂപപ്പെടുത്തുകയും ചെയ്യേണ്ടത് സഭയുടെ ഉത്തരവാദിത്വമാണ്. അതിനായി നമുക്ക് കൂട്ടായി യത്നിക്കാം.

മാർത്തോമ്മാ ഉന്നത വിദ്യാഭ്യാസ കമ്മീഷന്റെ 2026 ലെ വാർഷിക അക്കാദമിക് കോൺഫ്രറൻസ് മാർച്ച് മാസം 7-ാം തീയതി ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിൽ വച്ച് നടത്തി. സർവകലാശാല വിദ്യാഭ്യാസ രംഗത്ത് സമൂലമായ മാറ്റങ്ങൾ കൊണ്ടുവരുന്ന വികസിത് ഭാരത് ശിക്ഷ അധിഷ്ഠൻ ബിൽ നിലവിൽ വരികയും യു.ജി.സി. ഏജൻസികൾക്ക് പകരമായി സെൻട്രൽ എഡ്യൂക്കേഷൻ കമ്മീഷൻ രൂപീകരിക്കുകയും ചെയ്യുന്ന പശ്ചാത്തലത്തിലാണ് കോൺഫ്രൻസ് ക്രമീകരിച്ചത്. നിർമ്മിത ബുദ്ധിയും ഡിജിറ്റൽ സംവിധാനങ്ങളും അധ്യായന-പഠന-ഗവേഷണ മേഖലകളിൽ വ്യാപകമായി ഉപയോഗിക്കുന്ന കാലഘട്ടത്തിലേക്ക് നാം കടന്നിരിക്കുന്നു. അതുകൊണ്ടുതന്നെ 'ഉന്നത വിദ്യാഭ്യാസം ഡിജിറ്റൽ കാലഘട്ടത്തിൽ' എന്ന പഠനവിഷയം ശ്രദ്ധേയമായിരുന്നു. വിവിധ രംഗങ്ങളിൽ തിളക്കമാർന്ന നേട്ടങ്ങൾ കൈവരിച്ച അധ്യാപകരെയും, ഗവേഷകരെയും മെറിറ്റ് അവാർഡ് നൽകി ആദരിച്ചു. നമ്മുടെ കോളേജുകളുടെ അക്കാദമിക് നിലവാരം ഉയർത്തുവാൻ കോൺഫ്രറൻസ് സഹായിക്കും എന്ന് പ്രതീക്ഷിക്കാം.

ഒരു അദ്ധ്യയന വർഷം കൂടി അവസാനിക്കുന്നു. അവധിക്കാലം ക്രീയാത്മകമായി വിനിയോഗിക്കുവാൻ വിദ്യാർത്ഥികളും മാതാപിതാക്കളും പ്രത്യേകം ശ്രദ്ധിക്കണം. അവധിക്കാല വേദപഠന ക്ലാസ്സുകൾ (വി. ബി. എസ്.) ആരംഭിക്കുകയാണല്ലോ. 'ക്രിസ്തുവിൽ ഉറച്ച് നില്പിൻ' (ഫിലി. 4.1) എന്നതാണ് പ്രധാന ചിന്താവിഷയം. മാറ്റങ്ങളുടെ മായാലോകത്തിൽ ചഞ്ചലചിത്തരാകാതെ ഇളം തലമുറയെ ക്രിസ്തുവിൽ അടിസ്ഥാനപ്പെട്ടവരാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. വളർന്നു വരുന്ന തലമുറകളുടെ ആരാധനാ പങ്കാളിത്തത്തിനും, വിശ്വാസ വളർച്ചയ്ക്കും, ആദ്ധ്യാത്മീക-ധാർമ്മിക രൂപപ്പെടലിനും വേണ്ട ഉത്തരവാദിത്വം കൂട്ടായി ഏറ്റെടുക്കുവാൻ നാം എല്ലാവരും ഉത്സാഹിക്കണം.

ഭാഗ്യസ്മരണീയനായ അഭി. ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനി

യുടെ സ്മരണാർത്ഥം ക്രമീകരിച്ച സ്മാരക പ്രഭാഷണത്തിന്റെ 26-ാമത് സമ്മേളനം തൃശൂർ എബനേസ്സർ മാർത്തോമ്മാ പള്ളിയിൽ വെച്ച് മാർച്ച് മാസം 15-ാം തീയതി നടത്തി. തൃശൂർ അതിരൂപതാ മെട്രോപ്പോലീറ്റൻ ആർച്ച് ബിഷപ്പ് അഭി. മാർ ആൻഡ്രൂസ് താഴത്ത് തിരുമേനി മുഖ്യപ്രഭാഷണം നടത്തി. നേതൃത്വം കൊണ്ടും ജനപങ്കാളിത്തം കൊണ്ടും ശ്രദ്ധേയമായിരുന്ന പ്രസ്തുതസമ്മേളനത്തിന് ആതിഥ്യം അരുളിയ തൃശൂർ എബനേസ്സർ മാർത്തോമ്മാ ഇടവകയോടുള്ള നന്ദി അറിയിക്കുന്നു. മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘം പ്രഥമ ജനറൽ സെക്രട്ടറിയും ക്രൈസ്തവ സംഗീത ലോകത്ത് ശ്രദ്ധേയനുമായിരുന്ന സാധു കൊച്ചുകുഞ്ഞ് ഉപദേശിയുടെ സ്മരണ നിലനിർത്തുന്നതിനായി മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘത്തിന്റെ ആഭിമുഖ്യത്തിൽ സാധുകൊച്ചുകുഞ്ഞ് ഉപദേശി സ്മാരക സംഗീത സായാഹ്നം മാർച്ച് 22-ാം തീയതി കീഴ്വായ്പൂർ സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ ക്രമീകരിച്ചു. ഈ സംഗീത സന്ധ്യയിൽ സംബന്ധിച്ചത് ഏറെ സന്തോഷകരമായ അനുഭവമായിരുന്നു.

മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘത്തിന്റെ ലേഖക സെക്രട്ടറി ആയിരുന്ന പ്രൊഫ. ഏബ്രഹാം പി. മാത്യു കർത്തൃ സന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ചുങ്കത്തറ മാർത്തോമ്മാ കോളേജ് പ്രിൻസിപ്പാൾ, പെരുമ്പാവൂർ MCMAT ഡയറക്ടർ എന്നീ നിലകളിലും അദ്ദേഹം അനുഗൃഹീത നേതൃത്വം നല്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ധന്യമായ ജീവിതത്തെ ഓർത്ത് ദൈവത്തെ സ്തുതിക്കുകയും നിര്യാണത്തിൽ സഭയുടെ അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു.

ഏപ്രിൽ മാസത്തിലെ ഞായറാഴ്ച വായനകൾ ഉത്ഥിതനായ കർത്താവിനെ വ്യത്യസ്ത തലങ്ങളിൽ ആദിമ സഭ അനുഭവിച്ചതിനെയാണ് വിവരിക്കുന്നത്. ഏപ്രിൽ 5-ാം തീയതി ഞായറാഴ്ച, സഭ ഉയിർപ്പു പെരുന്നാൾ കൊണ്ടാടുന്നു. സത്യത്തെ കല്ലറയിൽ മുദ്ര വച്ചു തമസ്കരിക്കാനുള്ള കുൽസിത തന്ത്രത്തെയാണ് ഉയിർത്തെഴുന്നേൽപ് തകർത്തു കളഞ്ഞത്. ഉയർപ്പിന്റെ പ്രഭാതത്തിൽ യേശുവിന്റെ ഭൗതിക ശരീരം വെച്ചിരുന്ന കല്ലറയ്ക്കൽ എത്തിയ സ്ത്രീകൾക്ക് കല്ലറ വാതിലിൽ വെച്ചിരുന്ന റോമൻ സാമ്രാജ്യത്തിന്റെ മുദ്ര പേറുന്ന കല്ല് ആര് ഉരുട്ടി മാറ്റും എന്ന പ്രതിസന്ധി ഉണ്ടായിരുന്നു. എന്നാൽ ദൈവീക ശക്തി അവർക്കുവേണ്ടി കല്ല് ഉരുട്ടി മാറ്റിയിരുന്നു. യേശുവിന്റെ പുനരുത്ഥാനം നൽകുന്ന സന്ദേശം അതു തന്നെയാണ്. എല്ലാ സാധ്യതകളും അടഞ്ഞുപോയ ഇടങ്ങളിൽ ഉള്ളിൽ നിന്ന് പ്രവർത്തിക്കുന്ന ശക്തിയുടെ വ്യാപാരമാണ് പുനരുത്ഥാനം എന്നത്.

ഏപ്രിൽ 12-ാം തീയതി പുതു ഞായറാഴ്ച ആണല്ലോ. ‘എന്റെ കർത്താവും എന്റെ ദൈവമേ’ എന്ന് തോമസ് അപ്പൊസ്തോലൻ ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ ആളത്വത്തെ ഏറ്റുപറഞ്ഞതിന്റെ സ്മരണയാണ് ആ ദിനം നാം കൊണ്ടാടുന്നത്. കേട്ടുകേൾവികൊണ്ട് താൻ ഗുരുവിന്റെ പുനരുത്ഥാന വാർത്ത വിശ്വസിക്കുകയില്ല എന്നും വ്യക്തിപരമായി അത് തനിക്ക് അനുഭവമാകണമെന്നും തോമസ് പറഞ്ഞു. അങ്ങനെയൊരു അനുഭവം ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നവരെ മാനിക്കുന്നവനാണ് ഉയിർത്തെഴുന്നേറ്റ കർത്താവ്. തങ്ങളുടെ മധ്യത്തിൽ വന്ന് കയ്യും വിലാപ്പുറവും കാണിച്ച യേശുവിനെ തോമസ് അപ്പോസ്തലൻ വ്യക്തിപരമായ തലത്തിൽ തന്നെ വിശ്വസിച്ച് ഏറ്റുപറഞ്ഞു. അതേ വിശ്വാസ ബോധ്യത്തോടെ യേശുവിനെ ഏറ്റുപറയുവാൻ നമുക്കും ഇടയാകട്ടെ.

ഏപ്രിൽ 19 -ാം തീയതി ഞായറാഴ്ച ഉയിർത്തെഴുന്നേറ്റ കർത്താവ് മൂന്നാം പ്രാവശ്യം ശിഷ്യന്മാർക്ക് പ്രത്യക്ഷനാകുന്ന സന്ദർഭമാണ് സഭ ധ്യാനിക്കുന്നത്. ശിഷ്യന്മാർ തങ്ങളുടെ പരിചിത തൊഴിലായ മത്സ്യബന്ധത്തിലേക്ക് മടങ്ങിപ്പോയി. പക്ഷെ അവർ പരാജയപ്പെട്ടു. എന്നാൽ പരാജയ തീരങ്ങളിൽ നിൽക്കുന്ന കർത്താവാണ് ഉയിർത്തെഴുന്നേറ്റവൻ. ശിഷ്യന്മാർ കരയ്ക്ക് എത്തിയപ്പോൾ പ്രഭാത ഭക്ഷണം കഴിക്കുവാൻ യേശു അവരെ ക്ഷണിച്ചു. മനസ്സ് തളർന്നും പിന്നാക്കം പോയതിൽ ആത്മനിന്ദ പേറിയും ഇരിക്കുന്നവരെ ഊഷ്മളമായി സ്വീകരിക്കുന്നവൻ ആണ് ഉയിർത്തെഴുന്നേറ്റവൻ. തളർന്നും തകർന്നുമിരിക്കുന്നവരെ വന്നു ഭക്ഷണം കഴിച്ച്, തൃപ്തിപ്പെട്ടു കൊള്ളുവാൻ ക്ഷണിക്കുന്നവനാണ് ഉയിർത്തെഴുന്നേറ്റ കർത്താവ്.

ഏപ്രിൽ 26-ാം തീയതി ‘സഹയാത്രികനായ കർത്താവ്’ എന്ന വിഷയമാണ് സഭ ധ്യാനിക്കുന്നത്. പുനരുത്ഥാന സന്ധ്യയിൽ, എമ്മവുസിലേക്ക് യാത്ര പോയ രണ്ട് ശിഷ്യരുടെ തർക്കത്തിലും ആശയക്കുഴപ്പത്തിലും യേശു അവരോട് ചേർന്ന് നടക്കുകയും അവരെ വിശ്വാസത്തിൽ ഉറപ്പിക്കുകയും യഥാസ്ഥാനപ്പെടുത്തുകയും ചെയ്തു. സംശയങ്ങളുടെയും ആശയക്കുഴപ്പങ്ങളുടെയും മധ്യത്തിൽ ഇന്നും ചേർന്ന് നടക്കുന്നവനാണ് യേശു. തിരുവചനത്തിന്റെ പങ്കുവെക്കലിലൂടെയും അപ്പം നുറുക്കലിലൂടെയും അവിടുന്ന് ഇന്നും മനുഷ്യരെ യഥാസ്ഥാനപ്പെടുത്തുന്നു. ഉയിർത്തെഴുന്നേറ്റ കർത്താവ്, തന്റെ പരിശുദ്ധാത്മാവിലൂടെ തന്റെ ജനത്തെ സമകാലികനായി നയിച്ചു കൊണ്ടിരിക്കുന്നു എന്ന വിശ്വാസം നമ്മെ ഭരിക്കട്ടെ.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെയിരിക്കട്ടെ.

പുലാത്തീൻ
27.03.2026

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**